## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1113 — 20.03.2012-ൽ മറുപടി നൽകേണ്ടത്

# റവന്യൂ വകുപ്പുവഴിയുള്ള സേവനത്തിന് പ്രത്യേകസെൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ പി. എ മാധവൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ ജോസഫ് വാഴക്കൻ<br>ശ്രീ എ.റ്റി. ജോർജ്ജ് | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ബഹു.റവന്യൂമന്ത്രി |
| (എ) റവന്യൂ വകുപ്പിൽനിന്നും പൊതുജനങ്ങൾക്കായി നൽകുന്ന വിവിധ സേവനങ്ങൾ ഫലപ്രദമായി ലഭ്യമാക്കുന്നതിന് പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) വില്ലേജ് ഓഫീസ്, താലൂക്കാഫീസ് എന്നിവിടങ്ങളിൽനിന്ന് പൊതുജനങ്ങൾക്ക് ലഭിക്കുന്ന വിവിധ സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;<br><br>(സി) ഇതിനായി ഒരു പ്രത്യേക സെൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (ബി) & (സി)<br>വില്ലേജ് ഓഫീസ്, താലൂക്കാഫീസ് എന്നിവിടങ്ങളിൽനിന്ന് പൊതുജനങ്ങൾക്ക് ലഭിക്കുന്ന വിവിധ സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിന്റെ NeGP (നാഷണൽ ഇ-ഗവേർണൻസ് പ്ലാൻ) പദ്ധതിയിൻ കീഴിൽ കേരള സ്റ്റേറ്റ് ഐ.റ്റി.മിഷനും, ലാന്റ് റവന്യൂ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഇ-ജില്ലാ പദ്ധതി പൈലറ്റടിസ്ഥാനത്തിൽ പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലെ വില്ലേജ് ഓഫീസുകളിൽ നടന്നുവരുന്നു. ഈ പദ്ധതിയിൻ പ്രകാരം വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന 23 സർട്ടിഫിക്കറ്റുകൾ കമ്പ്യൂട്ടർവൽക്കരിച്ച് അക്ഷയകേന്ദ്രങ്ങൾവഴി പൊതുജനസൗകര്യാർത്ഥം വിതരണം ചെയ്യുന്നു. പൊതുജനങ്ങൾക്ക് പരമാവധി സൗകര്യപ്രദമാവും വിധത്തിൽ തൊട്ടടുത്തുള്ള അക്ഷയ കേന്ദ്രങ്ങളിൽ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതും അവിടെനിന്നു തന്നെ പ്രസ്തുത സർട്ടിഫിക്കറ്റുകൾ കൈപ്പറ്റാവുന്നതുമാണ്. പരമാവധി സുതാര്യവും വേഗത്തിലും അഴിമതിരഹിതവുമായ ഒരു നടപടിക്രമമാണ് ഇ-ജില്ലാ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് റവന്യൂ വകുപ്പിൽ IT സെൽ സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ